**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1687** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന മേഖലയുടെ വികസനത്തിനും പുരോഗതിക്കും വേണ്ടിയുള്ള പ്രവത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2022-നെ പരമ്പരാഗത മത്സ്യബന്ധനത്തിന്റെയും മത്സ്യകൃഷിയുടെയും വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2022 വർഷം പരമ്പരാഗത മത്സ്യബന്ധനത്തിന്റെയും മത്സ്യ കൃഷിയുടെയും വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലും 2022 നവംബർ 21 ലെ ലോക മത്സ്യബന്ധന ദിനാഘോഷത്തിന്റെ ഭാഗമായി സമുദ്ര ആവാസവ്യവസ്ഥയുടെ ആരോഗ്യ പൂർണ്ണമായ പരിരക്ഷ, മത്സ്യസമ്പത്തിന്റെ സുസ്ഥിരത, മത്സ്യത്തൊഴിലാളി ക്ഷേമം, മത്സ്യകൃഷി പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടും നവംബർ 18 മുതൽ നവംബർ 21 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് മത്സ്യോത്സവം 2022 സംഘടിപ്പിച്ചു. വിവിധ വകുപ്പുകൾ, സംസ്ഥാനത്തിന്റെ അകത്തും പുറത്തുമുള്ള വിവിധ ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവരുടെ പ്രവർത്തനങ്ങളും, നേട്ടങ്ങളും പ്രസ്തുത പരിപാടിയിൽ പ്രദർശിപ്പിക്കുകയുണ്ടായി. സെമിനാറുകൾ, ബിസിനസ് മീറ്റുകൾ, മത്സ്യത്തൊഴിലാളി വനിത കൂട്ടായ്മ, കുട്ടികൾക്കായുള്ള കിഡ്സ് ഗാല, മത്സ്യകർഷക സംഗമം, മത്സ്യത്തൊഴിലാളി സംഗമവും വിവിധ കലാപരിപാടികളും മത്സ്യോത്സവം 2022 ൽ സംഘടിപ്പിക്കുകയുണ്ടായി.<br><br>പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ വികസനത്തിനായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി (RIDF) ട്രാഞ്ചെ 26 സ്കീമിൽ ഉൾപ്പെടുത്തി 1745.17 ലക്ഷം രൂപയുടെ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.<br><br>ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൻറെ |

| | | | |
|---|---|---|---|
| | | | ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി യിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി , റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട് കൃഷി, കുളങ്ങളിലെ ഓരു ജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത് പ്രകാരം പദ്ധതി പ്രവർത്തനം പുരോഗമിച്ച് വരുന്നു.<br><br>പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും ടി ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടി നടപ്പ് സാമ്പത്തിക വർഷം 463 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ ജലസംഭരണികളിൽ നിന്ന് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കടലറിവുകളും തൊഴിൽശേഷിയും പുത്തൻ തലമുറയ്ക്ക് പകർന്ന് നൽകുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരളത്തിലെ പരമ്പരാഗത മത്സ്യ ത്തൊഴിലാളികളുടെ കടലറിവുകളും തൊഴിൽശേഷിയും പുത്തൻ തലമുറയ്ക്ക് പകർന്ന് നൽകുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് 'കടലറിവുകൾ' എന്ന ഒരു പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നൂറ് കണക്കിന് മത്സ്യത്തൊഴിലാളികൾ, മറ്റ് കടലോര വാസികൾ, കർഷകർ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ, ശാസ്ത്രജ്ഞർ എന്നിവരിൽ നിന്നും സമാഹരിച്ച പാരമ്പര്യ വിജ്ഞാനങ്ങൾ ഈ പുസ്തകത്തിലൂടെ പുത്തൻ തലമുറയ്ക്ക് പകർന്ന് നൽകുന്നുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി മത്സ്യബന്ധന മേഖലയിലെ നൂതന സാങ്കേതിക വിദ്യകളും പ്രാദേശികമായി | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന അധിക മത്സ്യം സൊസൈറ്റി |

| | | | |
|---|---|---|---|
| | ഉപയോഗത്തിലിരിക്കുന്ന സാങ്കേതിക സംവിധാനങ്ങളും സംയോജിപ്പിച്ച് മത്സ്യബന്ധനവും സംസ്കരണവും കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ; | | ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (SAF), മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ ആക്കി മാറ്റി വിപണനം ചെയ്തുവരുന്നു. തീരദേശ വികസന കോർപ്പറേഷന്റെ കീഴിൽ കൊല്ലം ശക്തികുളങ്ങര കേന്ദ്രീകരിച്ച് നൂതന സാങ്കേതിക വിദ്യ അവലംബിച്ചു പ്രവർത്തിക്കുന്ന സോളാർ ഡ്രൈ ഫിഷ് യൂണിറ്റും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി 'നളപാകം' എന്ന യൂണിറ്റും പ്രവർത്തിച്ചുവരുന്നു. |
| (ഡി) | ചെറുകിട മത്സ്യബന്ധനയാനങ്ങളിൽ മണ്ണെണ്ണയ്ക്ക് പകരം കൂടുതൽ ലാഭകരമായ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. മണ്ണെണ്ണയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും സാധാരണക്കാരായ മത്സ്യത്തൊഴി ലാളികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ മണ്ണെണ്ണ OBM കൾക്ക് പകരം പെട്രോൾ / LPG ഉപയോഗിക്കുന്ന OBM കളിലേയ്ക്ക് മാറാൻ അവർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണെണ്ണേതര ഇന്ധനങ്ങൾ അടിസ്ഥാനമാക്കിയുള്ള എഞ്ചിനുകൾ ഉപയോഗിക്കുന്നതിനും നിലവിലുള്ള എഞ്ചിനുകളിൽ കൂടുതൽ കാര്യക്ഷമതയുള്ള ഇന്ധനങ്ങൾ ഉപയോഗിക്കത്തക്ക വിധത്തിൽ മാറ്റുന്നതിനും സബ്സിഡി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ